

# കിച്ചു ആമയുടെ ഹുങ്ക്

● ഗോകുലൻ ചേവായൂർ

കിച്ചു ആമക്ക് വലിയ ഗമയാണ്. തനിക്ക് മറ്റുള്ളവർക്ക് ഇല്ലാത്ത പല കഴിവുകളും ഉണ്ടെന്നാണ് വിചാരം.

ആരെയെങ്കിലും മുന്നിൽ കിട്ടിയാൽ നന്നായി പരിഹസിച്ചു വിടുകയും ചെയ്യും:

''നിനക്ക് കഴിയുമോ വെള്ളത്തിലും കരയിലും ജീവിക്കാൻ? നിനക്ക് കഴിയുമോ ശത്രുക്കളെ കണ്ടാൽ തോടിനുള്ളിലൊളിച്ച് രക്ഷപ്പെടാൻ?!''

ഇങ്ങനെ ചോദിച്ച് പരിഹസിക്കുക പതിവാണ്. ആരെയും വെറുതെവിടില്ല.

ചെമ്പൻ കുറുക്കനെ കാണുമ്പോഴും വെറുതെ വിടില്ല.

''കൊതിയും വെച്ച് നടക്കണ്ട. എന്നെ കടിച്ചാൽ നിന്റെ പല്ല് പൊട്ടിപ്പോകും. വേഗം സ്ഥലം

▸▸ കൊങ്കൺ റെയിൽവേയുടെ ആസ്ഥാനം– മഹാരാഷ്ട്രയിലെ ബേലാപ്പൂർ

വിട്ടോളൂ.''
കിച്ചു കളിയാക്കിക്കൊണ്ടിരിക്കും.
കളിയാക്കൽ കൂടിയപ്പോൾ ചെമ്പൻ കുറുക്കന് വാശിയായി. അങ്ങനെ വിട്ടാൽ പറ്റില്ല. ഒരു പണി കൊടുക്കണം. ചെമ്പൻ മനസ്സിൽ കരുതിവെച്ചു.
അടുത്ത പ്രാവശ്യം കണ്ടപ്പോഴും കിച്ചു ആമ കളിയാക്കിപ്പറഞ്ഞു:
''നീ ഇത്ര വലുപ്പം ഉണ്ടായിട്ട് എന്ത് കാര്യം, എന്നെപ്പോലെ ചെറിയൊരു ആമയോട് തോറ്റ് പോകാനല്ലേ വിധി?!''
ചെമ്പൻ കുറുക്കന് ദേഷ്യം വന്നു. അവൻ കിച്ചുവിന്റെ നേരെ നീങ്ങി. ഉടനെ കിച്ചു ആമ തോടിനുള്ളിലൊളിച്ചു കളഞ്ഞു.
ചെമ്പൻ കുറുക്കൻ പിന്തിരിഞ്ഞില്ല. കിച്ചുവിനെ ഉടനെ വായ്ക്കകത്താക്കി നടന്നു. നേരെ പോയത് ഒരു വലിയ പാറക്ക് മുകളിലേക്കാണ്. നല്ല വെയിലേറ്റു നിൽക്കുന്ന പാറപ്പുറത്ത് കിച്ചു ആമയെ മലർത്തിക്കിടത്തി സ്ഥലം വിട്ടു.
വെയിൽച്ചൂടിൽ ചുട്ടുപൊള്ളാൻ തുടങ്ങിയപ്പോൾ കിച്ചു ആമക്ക് ആകെ വെപ്രാളമായി. കൈകാലുകളും തലയും പുറത്തേക്ക് നീട്ടി ആവത് ശ്രമിച്ചുനോക്കി. കമിഴ്ന്നു കിടക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ നടന്നു പോകാനും കഴിഞ്ഞില്ല. ചൂടേറ്റു തളർന്നു. ചത്തു പോകുമെന്നായി.
അപ്പോഴാണ് കുഞ്ഞൻ കുരങ്ങൻ അതുവഴി പോകുന്നത് കണ്ടത്.
''എന്നെ ഒന്ന് രക്ഷിക്കൂ കുഞ്ഞൻ ചേട്ടാ... ഇവിടെക്കിടന്ന് ചൂടേറ്റ് ഞാനിപ്പോൾ ചത്തുപോകും. വേഗം രക്ഷിക്കൂ.'' കിച്ചു കരഞ്ഞ് പറഞ്ഞു.
കുഞ്ഞൻ കുരങ്ങൻ ഉണ്ടായ കാര്യങ്ങളൊക്കെ ചോദിച്ചറിഞ്ഞു. കിച്ചുവിന്റെ ഗമയും അഹങ്കാരവുമൊക്കെ കുഞ്ഞനും അറിവുള്ളതാണ്. എങ്കിലും ആപത്തിൽ രക്ഷിക്കാതിരിക്കാൻ മനസ്സ് വന്നില്ല.
''എല്ലാവർക്കും കഴിവുകളുണ്ട്. അതിൽ അഹങ്കരിക്കരുത്. കഴിവുകേടുകളും ഒപ്പം ഉണ്ട്. ഇനിയെങ്കിലും മനസ്സിലാക്കുക.''
അത്രയും പറഞ്ഞ് കിച്ചുവിനെ എടുത്ത് കുറച്ചകലെയുള്ള വെള്ളത്തിലെത്തിച്ചു കൊടുത്തു.
കിച്ചു ആമക്ക് കാര്യം മനസ്സിലായി. പിന്നീട് ഒരിക്കലും തന്റെ കഴിവിൽ അവൻ അഹങ്കരിച്ചില്ല.
•



## മുള മരമല്ലാതായി

ലോക്സഭയുടെ വന ഭേദഗതി ബിൽ പ്രകാരം മുള മരത്തിന്റെ ഗണത്തിൽ നിന്ന് പുറത്തായി. മുള കൃഷി ചെയ്യുന്നതിനും വ്യവസായ ആവശ്യങ്ങൾക്കായി വെട്ടിക്കൊണ്ടു പോകുന്നതിനും ഇതുമൂലം പ്രത്യേക അനുമതി ആവശ്യമില്ല.

▸▸ ഇന്ത്യയിലെ ഏറ്റവും വലിയ ചെമ്പ് ഖനി– ഖേത്രി (രാജസ്ഥാൻ)